# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ജൂലൈ 13, ബുധൻ

**നമ്പർ 11**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

കണ്ണൂർ ജില്ലയിൽ ഉണ്ടായ രാഷ്ട്രീയ കൊലപാതകങ്ങൾ ഉൾപ്പെടെ കേരളത്തിൽ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും നിയന്ത്രിക്കുന്നതിന് സർക്കാർ പരാജയപ്പെട്ടതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും അരക്ഷിതാവസ്ഥയും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. മുരളീധരനും മറ്റ് മൂന്ന് അംഗങ്ങളും അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) അന്തർസംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായി പുതുക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തിലേക്ക് ശ്രീ. കെ. കൃഷ്ണൻകുട്ടി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നതായി പറയപ്പെടുന്ന മയക്കമരുന്നിന്റെ ദുരുപയോഗത്തിനെതിരെ ജനമൈത്രി പോലീസ് ഉൾപ്പെടെയുള്ള സംസ്ഥാന പോലീസ് സംവിധാനത്തിലൂടെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഹൈബി ഈഡൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 857/2016(i).

മേശപ്പുറത്തുവച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു :

ചട്ടം 47(2) പ്രകാരമുള്ളത്.

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 6092, പത്താം സമ്മേളനത്തിലെ 237, പതിനാലാം സമ്മേളനത്തിലെ 4242, 5404, പതിനാറാം സമ്മേളനത്തിലെ 693, 1766, 1900, 1915 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 1770, പതിനഞ്ചാം സമ്മേളനത്തിലെ 2486 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1309, പതിനാറാം സമ്മേളനത്തിലെ 270 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെയും 2745, 2746, 2748, 2753 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ചട്ടം 236 (6) പ്രകാരമുള്ളത്

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (സംസ്ഥാന വിവരാവകാശ കമ്മീഷൻ-2052-00-092-88) വകുപ്പിന്റെ 2014-2015 സാമ്പത്തിക വർഷത്തെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 2015-2016 സാമ്പത്തിക വർഷത്തെയും ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തെയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളയുടെ 2014-2015 സാമ്പത്തിക വർഷത്തെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ [(സ്പെഷ്യൽ-എ) (2070-00-003-99-ഐ.എ.എസ്. പ്രൊബേഷണർമാരുടെ പരിശീലനം)] വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (എസ്എസ്.) [(2075-00-104-99-ജീവൻ രക്ഷാ പദ്ധതി)] വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ

സംബന്ധിച്ച 2013-2014 സാമ്പത്തിക വർഷത്തെയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് (2216-80-001-97) വകുപ്പിനെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL)-നെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (സ്പെഷ്യൽ-സി) [(7610-00-800-93)-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള മറ്റ് മുൻകൂറുകൾ] വകുപ്പിനെ സംബന്ധിച്ച 2015-2016 സാമ്പത്തിക വർഷത്തെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-ബി) വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കൃഷി വകുപ്പുമായി ബന്ധപ്പെട്ട കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന നിയമ (ഭരണ), നിയമ (നോഡൽ), നിയമ (ഔദ്യോഗിക ഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പുകളുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ്, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം എന്നിവയെ സംബന്ധിച്ചും, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ്, കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റി, അഡ്മിനിസ്ട്രേറ്റർ, ജനറൽ ആന്റ് ഒഫിഷ്യൽ ട്രസ്റ്റി, എറണാകുളം എന്നിവയെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പിന്നോക്കസമുദായ വികസന വകുപ്പിന്റെ 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്), കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി.), കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ (കെ.എസ്.ബി.സി.), ഹാൻഡിക്രാഫ്റ്റ്സ്

ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള (എച്ച്.ഡി.സി.കെ.) എന്നിവയെ സംബന്ധിക്കുന്ന 2013-2014 സാമ്പത്തിക വർഷത്തെയും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് തിരുവനന്തപുരം, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള സിറാമിക്സ് ലിമിറ്റഡ് എന്നിവയെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് കീഴിൽ വരുന്ന ക്ഷീര വികസന വകുപ്പിനെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് കീഴിൽ വരുന്ന ധനകാര്യ വകുപ്പിന്റെ (4250-00-800-99 SDF FOR MLAs) 2015-2016 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും.

<u>സ്പീക്കറുടെ റൂളിംഗ്</u> :

സഭ മുൻപാകെ സർക്കാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടാത്തതു സംബന്ധിച്ചും നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകാത്തതിനെ സംബന്ധിച്ചും ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നങ്ങൾ സംബന്ധിച്ച് സ്പീക്കർ താഴെ പറയുന്ന റൂളിംഗുകൾ നൽകി:

<u>റൂളിംഗ് (1)</u>

സർക്കാർ സഭയിൽ നൽകുന്ന ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിന്മേലും സർക്കാർ വകുപ്പുകൾ യഥാസമയം മറുപടി ലഭ്യമാക്കേണ്ടതാണെന്നും ആയത് ലഭ്യമാക്കുന്നതിനാവശ്യമായ കർക്കശമായ നടപടികൾ സ്വീകരിക്കുവാനുള്ള എല്ലാ അധികാരങ്ങളും സമിതിക്കുണ്ടെന്നും ഇപ്പോൾ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും മുൻ സഭകളിലെ നടപടി പൂർത്തിയാകാത്ത ഉറപ്പുകൾ സംബന്ധിച്ച ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വിവിധ സർക്കാർ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ചെയർ റൂൾ ചെയ്തു.

<u>റൂളിംഗ് (2)</u>

നിയമസഭാ ചോദ്യങ്ങൾക്ക് പൂർണ്ണമായ ഉത്തരം യഥാസമയം ലഭ്യമാകുന്നില്ലായെന്ന ക്രമപ്രശ്നത്തിന്, നിയമസഭാ ചോദ്യത്തിന് യഥാസമയം ഉത്തരങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധ ചെലുത്തണമെന്നും അംഗങ്ങൾക്ക് യഥാസമയം പൂർണ്ണമായ മറുപടി ലഭിക്കുക എന്ന അവകാശം നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ഉണ്ടാകാൻ പാടില്ലായെന്നും റൂൾ ചെയ്തു.

ധനകാര്യം :

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച പുനരാരംഭിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. എം. വിൻസെന്റ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. തോമസ് ചാണ്ടി

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. എൽദോ എബ്രഹാം

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ്

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറഞ്ഞു.

ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം :

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു:

"2016-2017 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു".

2016 ജൂലൈ 14, വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.06-ന് സഭ പിരിഞ്ഞു.

വി. ജയലക്ഷ്മി,
*സെക്രട്ടറി-ഇൻ-ചാർജ്.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**First Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, July 13, 2016.*

**No. 11**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Five questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri K. Muraleedharan and three other Members regarding the serious situation reported to have arisen due to the failure of the Government machinery in controlling the political murders and goondaism in Kannur district which caused apprehension and insecurity among the people.

As a mark of protest against the attitude of the Government in the matter, Members belonging to the opposition staged a walkout.

*Calling Attention* :

(1) Shri K. Krishnankutty called the attention of the Chief Minister to the situation reported to have arisen consequent on the Interstate Water agreements not being renewed in a time bound manner. The Chief Minister made a statement thereto.

(2) Shri Hibi Eden called the attention of the Chief Minister to the necessity to take stringent action against the reported misuse of narcotics across the State, through the State Police including the community police. The Chief Minister made a statement thereto.

KNPP. 857/2016.(ii)

*Papers laid on the Table* :

The following papers were laid on the table:

<u>ചട്ടം 47(2) പ്രകാരമുള്ളത്</u> :

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 6092, പത്താം സമ്മേളനത്തിലെ 237, പതിനാലാം സമ്മേളനത്തിലെ 4242, 5404, പതിനാറാം സമ്മേളനത്തിലെ 693, 1766, 1900, 1915 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 1770, പതിനഞ്ചാം സമ്മേളനത്തിലെ 2486 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1309, പതിനാറാം സമ്മേളനത്തിലെ 270 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെയും 2745, 2746, 2748, 2753 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

<u>ചട്ടം 236 (6) പ്രകാരമുള്ളത്</u> :

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (സംസ്ഥാന വിവരാവകാശ കമ്മീഷൻ-2052-00-092-88) വകുപ്പിന്റെ 2014-2015 സാമ്പത്തിക വർഷത്തെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 2015-2016 സാമ്പത്തിക വർഷത്തെയും ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തെയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്- കേരളയുടെ 2014-2015 സാമ്പത്തിക വർഷത്തെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെകീഴിൽ വരുന്ന പൊതുഭരണ [(സ്പെഷ്യൽ-എ) (2070-00-003-99-ഐ.എ.എസ്. പ്രൊബേഷണർമാരുടെ പരിശീലനം)] വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെകീഴിൽ വരുന്ന പൊതുഭരണ (എസ്.എസ്.) [(2075-00-104-99-ജീവൻ രക്ഷാ പതക്ക്)] വകുപ്പിന്റെ 2015-2016 സാമ്പത്തിക

വർഷത്തെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച 2013-2014 സാമ്പത്തിക വർഷത്തെയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് (2216-80-001-97) വകുപ്പിനെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL)-നെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (സ്പെഷ്യൽ-സി) [(7610-00-800-93)-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള മറ്റ് മുൻകൂറുകൾ] വകുപ്പിനെ സംബന്ധിച്ച 2015-2016 സാമ്പത്തിക വർഷത്തെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-ബി) വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കൃഷി വകുപ്പുമായി ബന്ധപ്പെട്ട കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന നിയമ (ഭരണ), നിയമ (നോഡൽ), നിയമ (ഔദ്യോഗിക ഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പുകളുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ്, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം എന്നിവയെ സംബന്ധിച്ചതും, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ്, കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റി, അഡ്മിനിസ്ട്രേറ്റർ, ജനറൽ ആന്റ് ഒഫിഷ്യൽ ട്രസ്റ്റി, എറണാകുളം എന്നിവയെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പിന്നോക്കസമുദായ വികസന വകുപ്പിന്റെ 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), കേരള സ്റ്റേറ്റ് കാഷ്യൂ

വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്), കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി.), കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ (കെ.എസ്.ബി.സി.), ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള (എച്ച്.ഡി.സി.കെ.) എന്നിവയെ സംബന്ധിക്കുന്ന 2013-2014 സാമ്പത്തിക വർഷത്തെയും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് തിരുവനന്തപുരം, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള സിറാമിക്സ് ലിമിറ്റഡ് എന്നിവയെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കു കീഴിൽ വരുന്ന ക്ഷീര വികസന വകുപ്പിനെ സംബന്ധിച്ച 2014-2015 സാമ്പത്തിക വർഷത്തെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കു കീഴിൽ വരുന്ന ധനകാര്യ വകുപ്പിന്റെ (4250-00-800-99 SDF FOR MLAs) 2015-2016 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും.

*Rulings by the Speaker* :

Speaker gave the following rulings on non compliance of assurances given on the floor of the house and not answering Assembly Questions in time.

*Ruling (1)*

സർക്കാർ സഭയിൽ നൽകുന്ന ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിന്മേലും സർക്കാർ വകുപ്പുകൾ യഥാസമയം മറുപടി ലഭ്യമാക്കേണ്ടതാണെന്നും ആയത് ലഭ്യമാക്കുന്നതിനാവശ്യമായ കർക്കശമായ നടപടികൾ സ്വീകരിക്കുവാനുള്ള എല്ലാ അധികാരങ്ങളും സമിതിക്കുണ്ടെന്നും ഇപ്പോൾ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും മുൻ സഭകളിലെ നടപടി പൂർത്തിയാകാത്ത ഉറപ്പുകൾ സംബന്ധിച്ച ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വിവിധ സർക്കാർ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ചെയർ റൂൾ ചെയ്തു.

*Ruling (2)*

നിയമസഭാ ചോദ്യങ്ങൾക്ക് പൂർണ്ണമായ ഉത്തരം യഥാസമയം ലഭ്യമാകുന്നില്ലായെന്ന ക്രമപ്രശ്നത്തിന്, നിയമസഭാ ചോദ്യത്തിന് യഥാസമയം ഉത്തരങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധ ചെലുത്തണമെന്നും അംഗങ്ങൾക്ക് യഥാസമയം പൂർണ്ണമായ മറുപടി ലഭിക്കുക എന്ന അവകാശം നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ഉണ്ടാകാൻ പാടില്ലായെന്നും റൂൾ ചെയ്തു.

*Financial Business* :

General discussion on the revised budget for the financial year 2016-17 was resumed.

The following members took part in the discussion:

Shri V. S. Achuthanandan

Shri M. Vincent

Smt. Geetha Gopi

Shri T. A. Ahammed Kabeer

Shri Thomas Chandy

Shri O. R. Kelu

Shri P. J. Joseph

Shri Eldho Abraham

Shri O. Rajagopal

Shri C. Krishnan

Shri P. Ubaidulla

Shri K. V. Abdul Khader

Shri Ramesh Chennithala, Leader of Opposition

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion.

*Motion for Suspension of Rule* :

The following motion by Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs was adopted by the House:

"2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധികളളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (2) -ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

The House adjourned at 3.06 p.m. to meet again at 8.30 a.m. on Thursday, July 14, 2016.

P. JAYALEKSHMI,
*Secretary-in-charge.*